DESPATCHED
...29/01/2022

19.01.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

# തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

## ഹർജി നമ്പർ AP No.1931(4)/2020/എസ്.ഐ.സി.

### തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

### (ഫയൽ നം.12086/എസ്.ഐ.സി-ജി2/2020)

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

തീയതി: 19.01.2022

ശ്രീ.ശ്രുതിൻ.വി.എസ്,
ശിവമന്ദിരം, ഇരുമ്പനങ്ങാട്.പി.ഒ.,
എഴുകോൺ, കൊല്ലം– 691505.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
ജില്ലാ ആഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ആഫീസ്,
പത്തനംതിട്ട

എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
ജോയിന്റ് സെക്രട്ടറി, അഡ്വൈസ് (ലിറ്റിഗേഷൻ),
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം.

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 9.07.2020 ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ പി.എസ്.സി പത്തനംതിട്ട ജില്ലാ ആഫീസിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള KAP-3 ബറ്റാലിയനിലെ സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴ്‌വുകൾ സംബന്ധിച്ച നാലിന വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് കൃത്യമായി ലഭിച്ചില്ലായെന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 13.01.2022 ൽ കമ്മീഷൻ ഓഡിയോ ഹിയറിംഗ് നടത്തി. ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പങ്കെടുത്തു. അപ്പീൽ ഹർജിക്കാരന് ഓഡിയോ

ഹിയറിംഗിൽ പങ്കെടുക്കാൻ അസൗകര്യമുണ്ടെന്നും, KAP-3 ബറ്റാലിയനിൽ സിവിൽ പോലീസ് ഓഫീസർമാരുടെ പ്രതീക്ഷിക്കുന്ന ഒഴിവുകളുടെ വിവരം ലഭ്യമാക്കാൻ നടപടി ഉണ്ടാകണമെന്നും ആവശ്യപ്പെട്ട് 10.01.2022 ൽ കമ്മീഷന് ഇ–മെയിൽ മുഖാന്തിരം കത്ത് അയച്ചിരുന്നു. അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട പ്രകാരം 1.3.2019 ൽ ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണം 235 ആണ് എന്നു പറഞ്ഞിരുന്നു. അതുകൊണ്ടുതന്നെ ഇത് ഏതൊക്കെ മാസങ്ങളിലാണ് എന്നു ചോദിക്കുന്നതിന് പ്രസക്തി ഇല്ലെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു.

3. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. ഒന്നാം എതിർകക്ഷി കൃത്യമായ മറുപടി നൽകിയിട്ടുള്ളതായി കമ്മീഷൻ വിലയിരുത്തുന്നു. അഡ്വൈസ് ചെയ്യാൻ സാധ്യതയുണ്ടോ എന്ന തരത്തിൽ ഭാവിയിൽ നടക്കാനോ നടക്കാതിരിക്കാനോ സാധ്യതയുള്ള ഒരു വിവരം പോലും എസ്.പി.ഐ.ഒ നൽകിയിട്ടുള്ളതായി കമ്മീഷൻ നിരീക്ഷിക്കുന്നു. സത്യത്തിൽ ഈ രൂപത്തിലുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകാൻ ബാധ്യത യുള്ളതല്ല. എന്നിട്ടുപോലും, എസ്.പി.ഐ.ഒ അപേക്ഷകനെ സഹായിക്കാൻ കഴിയുന്ന വിവരങ്ങൾ നൽകിയിട്ടുണ്ട്.

4. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ എസ്.പി.ഐ.ഒ ആയ ഒന്നാം എതിർകക്ഷി കൃത്യമായ മറുപടി നൽകിയിട്ടുണ്ട് എന്ന് കമ്മീഷൻ വിലയിരുത്തുന്നു. അതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 19.01.222 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Va